**പതിമൂന്നാം കേരള നിയമസഭ**
**16-ാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 344** **08.02.2016 ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.എസ്.ശബരിനാഥൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. പി.എ. മാധവൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; | (എ) ഉണ്ട് |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കാമോ; | (ബി) ഗ്രാമ പഞ്ചായത്ത് തലത്തിൽ പ്രാഥമിക പരിസ്ഥിതി സംരക്ഷണ പരിപാടികൾ പഞ്ചായത്തുകളുടെ വാർഷിക പദ്ധതിയിൽ നിർബ്ബന്ധ പദ്ധതിയായി ഉൾപ്പെടുത്തി നടപ്പാക്കുക, പ്രാദേശിക തലങ്ങളിലും സംസ്ഥാന തലത്തിലും സംസ്ഥാനത്തെ പരിസ്ഥിതി ശാസ്ത്രജ്ഞർ, ഈ മേഖലയിലെ മറ്റ് വിദഗ്ധർ എന്നിവരുടെ സഹായത്തോടെ അതത് പഞ്ചായത്ത് തലത്തിലും സംസ്ഥാനതലത്തിലും അനുയോജ്യവും ആവശ്യമുള്ളതുമായ പരിസ്ഥിതി സംരക്ഷണ പദ്ധതികൾ നടപ്പാക്കുക എന്നിവയാണ് മുഖ്യ ലക്ഷ്യം.<br><br>ഇത്തരം പദ്ധതികളുടെ നടത്തിപ്പിന് ഉപയുക്തമാക്കാവുന്ന കുടുംബശ്രീ, മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി മുതലായവ സർക്കാർ ആവിഷ്കൃത പദ്ധതികളുമായി യോജിപ്പിച്ചും, പരിസ്ഥിതി സംരക്ഷണ മുൻകരുതലുകൾ വികസന പദ്ധതികളിൽ അവശ്യം ഉൾപ്പെടുത്തിയും, പാരിസ്ഥിതിക ശോഷണം ഒഴിവാക്കുകയും പരിസ്ഥിതി പരിപാലനം സംബന്ധിച്ച അവബോധം എല്ലാ വിഭാഗം ജനങ്ങളിലും സൃഷ്ടിക്കുകയും ചെയ്യുക എന്നതാണ് അടുത്ത ലക്ഷ്യം.<br><br>കാലാവസ്ഥാ വ്യതിയാനം പോലെ ഏറ്റവും രൂക്ഷവും ദീർഘകാലാടിസ്ഥാനത്തിൽ ഏറ്റവും ഉയർന്ന ശാസ്ത്ര സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തേണ്ടതുമായ മേഖലകളിൽ ലഭ്യമാക്കാവുന്ന വിദേശസഹായം ഉൾപ്പെടെയുള്ള സാമ്പത്തിക സ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുകയും പരിസ്ഥിതി സൗഹൃദപരമായ സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുക , എന്നതും ഒരു ലക്ഷ്യമാണ്. |

| | |
|---|---|
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കുമോ? | (സി) പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതിയുടെ സംസ്ഥാനതല ഔദ്യോഗിക പ്രഖ്യാപനത്തിന്റേയും ഹരിതശ്രീ പദ്ധതിയുടെ സംസ്ഥാനതല ഉത്ഘാടനത്തിന്റേയും സംഘാടന ചുമതല പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പിനായിരുന്നു. ഹരിതശ്രീ പദ്ധതിയുടെ ഭാഗമായി ലോക പരിസ്ഥിതി ദിനമായ 2014 ജൂൺ 5-ന് രാവിലെ 10.30-നും 11.30-നും ഇടയിൽ 10 ലക്ഷത്തിലധികം വൃക്ഷത്തൈകൾ കേരളമൊട്ടാകെ നട്ടു പരിപാലിക്കുന്ന ചുമതല സംസ്ഥാന വനം വകുപ്പിനും, കുടുംബശ്രീ യൂണിറ്റുകൾക്കും, വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുമായിരുന്നു. പങ്കാളിത്ത പരിസ്ഥിതി പരിപാലന പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനും വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വേണ്ടി ബഹുമാനപ്പെട്ട വനം പരിസ്ഥിതി വകുപ്പ് മന്ത്രി ചെയർമാനും പരിസ്ഥിതി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും ശ്രീ.ജോൺ സാമുവൽ വൈസ് ചെയർമാനുമായി കേരള എൻവയോൺമെന്റൽ കൺസൾട്ടേറ്റീവ് കമ്മിറ്റി (KECC) രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ